# മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

## (സംഗ്രഹം)

സെൽഫ് ഫിനാൻസിംഗ്/സ്വാശ്രയ മേഖലയിലുള്ള ആർട്സ് ആൻഡ് സയൻസ് കോളജുകൾ- 2012-13 അദ്ധ്യയന വർഷം മുതൽ അനുവദിച്ച പുതിയ കോളേജുകളും കോഴ്സുകളുമായി ബന്ധപ്പെട്ട് ആരോപിക്കപ്പെട്ട ക്രമക്കേടുകൾ അന്വേഷിക്കാനായി നിയോഗിച്ച സിൻഡിക്കേറ്റ് പരിശോധനാ സമിതിയുടെ കണ്ടെത്തലുകൾ - അഫിലിയേഷൻ റദ്ദാക്കാനുള്ള തീരുമാനം പുന:പരിശോധിക്കാനുള്ള അപേക്ഷയും കോടതിനിർദ്ദേശങ്ങളും-അനുബന്ധനടപടികൾ സംബന്ധിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക്ക് എ.7 വിഭാഗം**

ഉത്തരവ് നം.4125/1/17/എസി.എ.VII തീയതി, പി.ഡി.ഹിൽസ്, 06.07.2017

---

പരാമർശം:- 1. സർവകലാശാലാ ഉത്തരവ്.നം.4297/എ1/2016/അക്കാദമിക്, തീയതി 04.08.2016..

2. സർവകലാശാലാ ഉത്തരവ്.നം.2895/1/17/ എസി.എ).VII, തീയതി 17.05.2017.
3. WP(C)17930/2017(M) ലെ 05/06/2017 തീയതിയിലെ ഹൈക്കോടതി നിർദ്ദേശം.
4. 2017 ജൂലൈ 1ാം തീയതിയിലെ സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ ആൻഡ് അപ്രൂവൽ) നടപടിക്രമങ്ങളുടെ ചുരുക്കം (ഐറ്റം നം.ഒ.എ.1ൽ).

പരാമർശം (1) പ്രകാരം 2012-13 അധ്യയന വർഷം മുതൽ പുതിയതായി അനുവദിച്ച കോളേജുകളും കോഴ്സുകളുമായി ബന്ധപ്പെട്ട് ആരോപിക്കപ്പെട്ട ക്രമക്കേടുകൾ പരിശോധിക്കാനായി നിയോഗിച്ചിരുന്ന സിൻഡിക്കേറ്റ് സമിതി പരിശോധനകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും സിൻഡിക്കേറ്റ് അത് അംഗീകരിക്കുകയും ചെയ്തു.

സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ തീരുമാനപ്രകാരം, പരാമർശം(2) അനുസരിച്ച്, 1. സെന്റ് ജോർജ് കോളേജ്, വാഴക്കുളം, 2. എം.ജി.എം.എൻ.എൻ.എസ്.കോളേജ്, ളാക്കാട്ടൂർ, 3. ശ്രീനാരായണാ പരമഹംസ കോളേജ്, മീനച്ചിൽ, 4. ശ്രീനാരായണ ആർട്സ് & സയൻസ് കോളേജ്, ഓതറ പടിഞ്ഞാറ്, തിരുവല്ല എന്നീ കോളജുകളുടെ അഫിലിയേഷൻ 2017-18 അദ്ധ്യയന വർഷം മുതൽ പിൻവലിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുവാൻ തീരുമാനിച്ചിരുന്നു.

എന്നാൽ അഫിലിയേഷൻ റദ്ദാക്കുന്നത് പുന:പരിശോധിക്കാനുള്ള കോളേജുകളുടെ അപേക്ഷയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 5/6/2017ലെ നിർദ്ദേശവും പരിഗണിച്ച് സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ ആൻഡ് അപ്രൂവൽ) പരാമർശം (4) പ്രകാരം താഴെപ്പറയുന്ന ശുപാർശകൾ ചെയ്തിരിക്കുന്നു.

1. ശ്രീനാരായണ ആർട്സ് ആന്റ് സയൻസ് കോളേജ്, ഓതറ പടിഞ്ഞാറ്, തിരുവല്ല.
2. സെന്റ് ജോർജ്ജ് കോളേജ് വാഴക്കുളം
3. ശ്രീനാരായണ പരമഹംസ കോളേജ്, മീനച്ചിൽ

എന്നീ കോളജുകൾ സംബന്ധിച്ച് പരിശോധനാസമിതിയുടെ കണ്ടെത്തലുകൾ അംഗീകരിക്കുവാനും ഈകോളജുകൾക്ക് അപാകതകൾ പരിഹരിക്കുന്നതിന് 2018 മാർച്ച് 31 വരെ സമയം നൽകുവാനും, പരിശോധനയിൽ ചട്ടപ്രകാരം വ്യവസ്ഥകൾ എല്ലാം പാലിച്ചു

വെന്ന് ബോധ്യപ്പെടുകയും ചെയ്താൽ അടുത്ത അദ്ധ്യയന വർഷം (2018-19) പുതുതായി പ്രവേശനം നടത്തുന്നതിനുള്ള അനുവാദത്തിന്റെ കാര്യം പരിശോധിക്കാമെന്നും ശുപാർശ ചെയ്യുന്നു.

01/7/2017ലെ സിൻഡിക്കേറ്റ് ഉപസമിതിയുടെ (അഫിലിയേഷനും അപ്രൂവലും) മേൽപ്പറഞ്ഞ ശുപാർശകൾ എം.ജി.യൂണിവേഴ്സിറ്റി ആക്റ്റ് 1985 സെക്ഷൻ 3.10(17) പ്രകാരം നിക്ഷിപ്തമായിരിക്കുന്ന സിൻഡിക്കേറ്റിൻെറ അധികാരമുപയോഗിച്ച് വൈസ്-ചാൻസലർ അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ ടി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1) ബന്ധപ്പെട്ട കോളജുകളുടെ മാനേജർമാർക്ക്
2) വി.സി./പിവിസി എന്നിവരുടെ പി.എസ്.
3) രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പി.എ
4) ജെ.ആർ/ഡി.ആർ/ഏആർ (അക്കാദമിക്/എക്സാം)
5) റ്റാബുലേഷൻ സെക്ഷൻ
6) യു.ജി/പി.ജി. ക്യാപ്സെൽ
7) എസി.സി/എസിഎ8/എസി.ബി.6/ എസിഎ1
8) പി.ആർ ഒ/സി.എം.എസ്
9) എസ്.എഫ്/എഫ്സി/റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നമ്പർ 5001/1/17/എ.സി.എ.7